തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി പ്രത്യേക ക്ലാസ്സുകൾ നടത്തുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) 'എ' ചോദ്യത്തിനു നൽകിയിരിക്കുന്ന വിവരങ്ങൾക്കുപുറമെ വിവിധ തലത്തിൽ ക്യു.ഐ.പി. ഡെപ്യൂട്ടി ഡയറക്ടർമാരോടും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരോടും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരോടും ടി സ്കൂളുകൾ സന്ദർശിച്ച് പഠനപ്രവർത്തനങ്ങൾ വിലയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

36 (1250) ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക് നൽകുന്നതിന് നടപടി

<u>ശ്രീ. പി. വിശ്വൻ</u> :

<u>ശ്രീ. എളമരം കരീം</u> :

<u>ശ്രീ. ടി.കെ. നൗഷാദ്</u> :

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്ക് നഷ്ടപ്പെട്ടുപോയവർക്ക് ഡ്യൂപ്ലിക്കേറ്റ് ബുക്ക് അനുവദിക്കുന്നതിന് നിലവിലുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷ നൽകി ഏഴുവർഷം കഴിഞ്ഞതിനുശേഷവും ഡ്യൂപ്ലിക്കേറ്റ് ബുക്ക് ലഭിക്കാത്തവരുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക് യഥാസമയം നൽകാനായി പരീക്ഷാഭവനിൽ പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) തീർപ്പാക്കാത്ത അപേക്ഷകളിന്മേൽ അടിയന്തിരമായി തീർപ്പുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) അപേക്ഷ ലഭിച്ച് ആറുമാസത്തിനകം ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഡ്യൂപ്ലിക്കേറ്റ് ബുക്ക് അനുവദിക്കുന്നതിന് ലഭിക്കുന്ന അപേക്ഷകൾ രണ്ട് തരത്തിലുണ്ട്. സർട്ടിഫിക്കറ്റ് പൂർണ്ണമായി നഷ്ടപ്പെട്ടതും അല്ലാത്തതും, പൂർണ്ണമായി ബുക്ക് നഷ്ടപ്പെട്ട കേസുകളിൽ അപേക്ഷകളുടെ ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെന്റ് പ്രസ്സിലേക്കയയ്ക്കുന്നു. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് ബ്ലാങ്ക് ബുക്കുകൾ സ്കൂളിലേക്കയച്ച് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി വാങ്ങിയതിനുശേഷം പൊതു പരീക്ഷയുടെ മാർക്ക് രേഖപ്പെടുത്തിയശേഷം ഡ്യൂപ്ലിക്കേറ്റ് ബുക്ക് ബന്ധപ്പെട്ട സ്കൂളുകളിലേക്കയച്ചുകൊടുക്കുന്നു. ബുക്ക് പൂർണ്ണമായി നഷ്ടപ്പെടാത്ത കേസ്സുകളിൽ ഗസറ്റ് വിജ്ഞാപനം കൂടാതെതന്നെ ബ്ലാങ്ക് ബുക്ക് സ്കൂളിലേക്കയച്ച് ആവശ്യമായ വിവരങ്ങൾ രേഖപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തി വാങ്ങിയശേഷം പരീക്ഷയുടെ മാർക്ക് രേഖപ്പെടുത്തി ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നു.

(ബി) ഇല്ല.

(സി)&(ഡി) പരിശോധിച്ചുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

(എഫ്) സാധാരണയായി ലഭിക്കുന്ന അപേക്ഷകൾ അധികവും അപൂർണ്ണമായിരിക്കും. നിലവിലുള്ള നടപടിക്രമമനുസരിച്ച് ഗസറ്റ് വിജ്ഞാപനം കഴിഞ്ഞതിനുശേഷമാണ് ബ്ലാങ്ക് ബുക്ക് സ്കൂളിലേയ്ക്കയക്കുന്നത്. പൂർണ്ണമായി വിവരങ്ങൾ ലഭ്യമാക്കുന്ന അപേക്ഷകൾക്ക് ആറുമാസത്തിനുള്ളിൽ തന്നെ ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നതാണ്.

37 (1251) സ്കൂൾ കുട്ടികൾക്ക് പോഷകാഹാര വിതരണം

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യാ ഗവൺമെന്റിന്റെ മാനവശേഷി വികസന മന്ത്രാലയത്തിലെ വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള 26.3.1997-ലെ 6-33/97ഡസ്ക് (ഇ) എന്ന നമ്പരിലുള്ള കത്ത് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആ കത്തിൽ ഒന്നു മുതൽ അഞ്ചുവരെ സ്റ്റാന്റേർഡുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യത്തിന് പോഷകാഹാരം ലഭിക്കുന്നതിനായി പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരം സ്നാക്സ് എന്നിവ കൊടുക്കുവാൻ ഏർപ്പാടുണ്ടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ ഉച്ചഭക്ഷണത്തിന് കേന്ദ്ര ഗവൺമെന്റ് നൽകിവരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് വർദ്ധിപ്പിച്ചുവോ;

(ഡി) എങ്കിൽ എത്ര ടണ്ണായാണ് അത് വർദ്ധിപ്പിച്ചത്;

(ഇ) വർദ്ധിപ്പിച്ച ഭക്ഷ്യധാന്യം സംസ്ഥാന ഗവൺമെന്റ് ഏറ്റുവാങ്ങുന്നുണ്ടോ;

(എഫ്) എങ്കിൽ കേന്ദ്രം നിർദ്ദേശിച്ച പ്രകാരം കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരം സ്നാക്സ് എന്നിവ കൊടുക്കുന്നുണ്ടോ;

(ജി) ഇല്ലെങ്കിൽ കാരണം എന്ത്;

(എച്ച്) പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരം സ്നാക്സ് എന്നിവ കൊടുക്കുന്നതിനായി വർദ്ധിപ്പിച്ച തോതിൽ നൽകിവരുന്ന ഭക്ഷ്യധാന്യം എപ്രകാരം വിനിയോഗിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഐ) വിശേഷ അവസരങ്ങളിൽ കുട്ടികൾക്കു കൊടുക്കുന്ന അരി എവിടെ നിന്ന് ലഭിക്കുന്നതാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)മുതൽ(എച്ച്)വരെ ലഭിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് മുന്നുനേരവും ഭക്ഷണം നൽകണമെന്ന് പ്രസ്തുത കത്തിൽ കേന്ദ്രം നിർദ്ദേശി

LIBRARY ARCHIVES Kerala Legislative Assembly